"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് - പ്രൈവറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ അസ്സസ്സർമാർക്കുള്ള ഫീസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.847/2024/H&FWD തിരുവനന്തപുരം, തീയതി, 18-03-2024

പരാമർശം:- 1. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിയുടെ 06.10.2023 തീയതിയിലെ 214/Accts/KSCCE/2023 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ ചട്ടം 24 (12) പ്രകാരം നിലവാരം വിലയിരുത്തൽ പ്രക്രിയയ്ക്ക് വിധേയമാകുന്ന സ്ഥാപനങ്ങൾക്കുമേൽ അവയുടെ വലിപ്പം, പ്രത്യേകതകൾ മുതലായവ പരിഗണിച്ച് കൊണ്ട് കൗൺസിലിന് സർക്കാർ അനുമതിയോടെ നിശ്ചിത ഫീസ് ചുമത്താവുന്നതാണ്. ചട്ടം 39 (2) പ്രകാരം ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് ഒരു ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ട ആവശ്യത്തിലേയ്ക്കോ, നിലവാരം നിർണ്ണയിക്കുന്നതിനോ, പരിശോധനയ്ക്കായോ അതോറിറ്റിയോ കൗൺസിലോ നിശ്ചയിക്കുന്ന ഫീസ് സർക്കാർ നിയന്ത്രണത്തിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച് ബാധകമല്ലാത്തതും ഒടുക്കേണ്ടതില്ലാത്തതുമാകുന്നു എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ വരുന്ന പ്രൈവറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ അസ്സസ്സർമാർക്കുള്ള ഫീസ് ചുവടെ പറയുന്ന രീതിയിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറി പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുമുണ്ട്.

| SL NO | CATEGORY | NO. OF ASSESSORS | FEES TO BE COLLECTED FROM CLINICAL ESTABLISHMENTS (Remuneration - Rs 3000/- per assessor + TA Rs. 1000/- per assessor) |
|---|---|---|---|
| 1 | **Primary Health Care Institutions** | | |
| a | Clinic without Laboratory | 1 | 4000 |
| | Clinic with | | |

| | | | |
|---|---|---|---|
| b | Clinic with Laboratory | 2 | 8000 |
| c | Polyclinic | 2 | 8000 |
| d | Day Care Centre | 2 | 8000 |
| e | Hospital | 2 | 8000 |
| **2** | **Secondary Health Care institutions** | 6 | 24000 |
| **3** | **Tertiary Health Care institutions** | 6 | 24000 |
| **4** | **Laboratory** | | |
| a | Level I | 1 | 4000 |
| b | Level II | 2 | 8000 |
| c | Level III | 3 | 12000 |
| **5** | **Diagnostic Center** | | |
| a | Level I | 1 | 4000 |
| b | Level II | 2 | 8000 |
| c | Level III | 3 | 12000 |
| **6** | **Dental** | | |
| a | 1-3 Chairs | 1 | 4000 |
| b | 4-6 Chairs | 2 | 8000 |
| c | 7-12 Chairs | 3 | 12000 |
| d | Dental Colleges/ Hospital | 4 | 16000 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ വരുന്ന പ്രൈവറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ അസ്സസ്സർമാർക്കുള്ള മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപ്രകാരമുള്ള ഫീസ് നിരക്കുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശിഖ സുരേന്ദ്രൻ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്, തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം .
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-FW1/100/2023-HEALTH)

ഉത്തരവിൻ പ്രകാരം,

Signed by
Vipin Kumar S
Date: 18-03-2024 11:43:50

സെക്ഷൻ ഓഫീസർ